പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2227 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സ്റ്റേഷനുകളിലേക്ക് ആധുനിക വാഹനങ്ങൾ വാങ്ങുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സബ് ഇൻസ്പെക്ടർമാരെ നിയമിച്ചതിനെത്തുടർന്ന്, പ്രസ്തുത സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ഇൻസ്പെക്ടർമാരെ വിവിധ പ്രത്യേക സർക്കിൾ വിഭാഗങ്ങളിൽ ഇൻസ്പെക്ടർമാരായി നിയമിച്ച സാഹചര്യത്തിൽ, അവരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്റ്റേഷനുകളിൽ ഉണ്ടായിരുന്ന 390 വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുമൂലം പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തത ഉണ്ടായിട്ടുണ്ട്.

(ബി) അത്യാഹിതങ്ങൾ നടക്കുമ്പോഴും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും സമയബന്ധിതമായി സ്ഥലത്തെത്തുന്നതിനും പട്രോളിംഗിനും വാഹനങ്ങളുടെ കുറവ് തടസ്സമാകുന്നത് പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

മറുപടി: നടപ്പ് സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 43.35 കോടി രൂപയ്ക്ക് പോലീസ് വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നതിന് 03.10.2026 തീയതിയിലെ സ.ഉ.(കൈ) നം. 181/2026/ ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ ASUMP (Assistance to States and UTs for Modernization of Police) സ്കീം പ്രകാരം 50.28 കോടി രൂപക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 01.08.2026 തീയതിയിലെ സ.ഉ.(സാധാ) നം. 2556/2026/ ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പുതിയ വാഹനങ്ങൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പുരോഗമിച്ചു വരുന്നു.

(സി) കാലാവധി പൂർത്തിയായതും ഉപയോഗശൂന്യവുമായ എത്ര വാഹനങ്ങളാണ് നിലവിൽ പോലീസ് സ്റ്റേഷനുകളിലുള്ളത്; ഇവ മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: കാലാവധി പൂർത്തിയായ 57 വാഹനങ്ങൾക്ക് പകരം പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് പ്ലാൻ സ്കീം 2026-27 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നിലവിൽ സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടന്നുവരികയാണ്.

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ ആധുനിക വാഹനങ്ങൾ വാങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപിക്കുന്ന മുറയ്ക്ക്, സ്റ്റേറ്റ് പ്ലാൻ സ്കീം പ്രൊപ്പോസലിൽ ഉൾപ്പെടുത്തി ആധുനിക വാഹനങ്ങൾ വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ